"ഭരണഭാഷ- മാതൃഭാഷ"

Regr.
ARb

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (സി) വകുപ്പ്

നമ്പർ.-സി2/174/2024/ഉ.വി.വ

27-08-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി/കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനിയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കരിപ്പുഴ, കൊല്ലം.

സർ,

വിഷയം:- ഉ.വി.വ - ഇ-ഗ്രാന്റ്സ് - സർട്ടിഫിക്കറ്റ് വിട്ട് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 04/07/2024-ലെ ഇതേ നം സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ബജറ്റ് ശീർഷകത്തിൽ നിന്നും ഫണ്ട് ചെലവഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ SC, ST, OBC, OEC വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസ് ഒടുക്കാൻ സാധിക്കാതെ വന്നിരിക്കുകയും, തുടർന്ന് ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവരുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റും, കോഴ്സ് സർട്ടിഫിക്കറ്റും തടഞ്ഞുവയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആകയാൽ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമായാൽ 10 ദിവസത്തിനകം തുക അടക്കാമെന്ന സത്യപ്രസ്താവന എഴുതി നൽകി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർട്ടിഫിക്കറ്റുകൾ വിട്ടുനൽകൽ ചെയ്യണമെന്ന കർശന നിർദേശം ഇതിനാൽ നൽകുന്നു.

വിശ്വസ്തതയോടെ,
JAYASREE T V
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Sheeba Jayadevan
Date: 27-08-2024 16:07:38